<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6791</u> <u>21-03-2023 - ൽ മറുപടിയ്ക്ക്</u>

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച വ്യക്തിയുടെ സസ്പെൻഷൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ദേവികുളം ജില്ലാ ട്രഷറിയിൽ 7.5.2018-ൽ പി.ടി.എസ്. ആയി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച വ്യക്തിയെ 31.6.18-ന് പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ഇടുക്കി ജില്ലാ ട്രഷറി ഓഫീസർ 28.02.2018 – ൽ ദേവികുളം സബ് ട്രഷറിയിലെ ഉൾപ്പെടെ അറിയിച്ച 02 പാർട്ട് ടൈം സ്വീപ്പറുടെ ഒഴിവുകളിലേയ്ക്ക് സാമുദായിക സംവരണക്രമം പാലിച്ച് LC/AI (ലത്തീൻ കത്തോലിക്ക/ആംഗ്ലോ ഇന്ത്യൻ) മുൻഗണന ഇല്ലാത്ത വിഭാഗത്തിലും, ഓപ്പൺ (ജനറൽ) മുൻഗണന ഇല്ലാത്ത വിഭാഗത്തിലുമായി നിയമനം നടത്തുന്നതിനായി 04/04/2018 – ൽ മേൽപ്പറഞ്ഞ രണ്ട് വിഭാഗത്തിലേയും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പ്രത്യേകം പ്രത്യേകം ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ജില്ലാ ട്രഷറി ഓഫീസർക്ക് നൽകുകയുണ്ടായി. ജില്ലാ ട്രഷറി ഓഫീസറുടെ 07/05/2018 തീയതിയിലെ ഉത്തരവ് പ്രകാരം ശ്രീമതി അമ്മിണി ജോൺ, മാനിത്തോട്ടത്തിൽ, മുക്കിടിൽ പി.ഒ. എന്നയാളെ രാജകുമാരി സബ് ട്രഷറിയിലും, ശ്രീ. സതീശൻ പി.വി. പുത്തൻപറമ്പിൽ, ചിന്നാർ പി.ഒ. എന്നയാളെ ദേവികുളം സബ്ട്രഷറിയിലും, നിയമിച്ചതായി ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ചിരുന്നു. നിയമനഫലം പരിശോധിച്ചപ്പോൾ രണ്ട് വിഭാഗത്തിലും നിയമനം നടത്തിയിട്ടുള്ളത് ഓപ്പൺ (ജനറൽ) മുൻഗണന ഇല്ലാത്തവരുടെ ലിസ്റ്റിൽ നിന്നുമാണെന്ന് കണ്ടെത്തിയതിനാൽ ചട്ടവിരുദ്ധമായി നിയമിച്ച ഉദ്യോഗാർത്ഥിയെ പിരിച്ചുവിട്ട് സാമുദായിക സംവരണക്രമം പാലിക്കുന്നതിനായി LC/AI വിഭാഗത്തിൽ നൽകിയിട്ടുള്ള ലിസ്റ്റിൽ നിന്നും തന്നെ നിയമനം നടത്തണമെന്നും 31/05/2018 – ൽ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിർദ്ദേശം നൽകി. ആയതിൻപ്രകാരം ശ്രീ. സതീശൻ പി.വി. – യുടെ നിയമനം 30/06/2018 തീയതി മുതൽ റദ്ദ് ചെയ്തതായി ജില്ലാ ട്രഷറി ഓഫീസറുടെ 28/06/2018 – ലെ ഉത്തരവ് പ്രകാരം അറിയിച്ചു. LC/AI (ലത്തീൻ |

| | | | |
|---|---|---|---|
| | | | കത്തോലിക്ക/ആംഗ്ലോ ഇന്ത്യൻ) മുൻഗണന ഇല്ലാത്തവരുടെ വിഭാഗത്തിൽ നൽകിയിട്ടുള്ള ഉദ്യാഗാർത്ഥികളുടെ ലിസ്റ്റിൽ നിന്നും ശ്രീ. ബിജു ജോൺ, നെറ്റായിക്കോടത്ത്, പന്നൂർ പി.ഒ., കരിമണ്ണൂർ എന്ന ഉദ്യോഗാർത്ഥിയെ ദേവികുളം സബ് ട്രഷറിയിൽ പാർട്ട്ടൈം സ്വീപ്പറായി നിയമിച്ച് 28/06/2018 – ൽ ഉത്തരവായിട്ടുള്ളതായി ജില്ലാ ട്രഷറി ഓഫീസർ അറിയിച്ചിട്ടുണ്ട്.<br><br>സാമുദായിക സംവരണക്രമം മറി കടന്ന് ചട്ടവിരുദ്ധമായി നിയമനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നൽകിയിട്ടുള്ള നിർദ്ദേശ പ്രകാരമാണ് ശ്രീ. സതീശൻ പി.വി. യുടെ നിയമനം ജില്ലാ ട്രഷറി ഓഫീസർ റദ്ദ് ചെയ്തിട്ടുള്ളത്. |
| (ബി) | ഇദ്ദേഹത്തിന്റെ നിയമനവുമായി ബന്ധപ്പെട്ട ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരുന്ന ഹെഡ് ക്ലാർക്ക് പ്രമുഖ പാർട്ടിയുടെ ജില്ലാ സെക്രട്ടറിക്ക് വേണ്ടി കൈക്കൂലി ആവശ്യപ്പെട്ടത് നൽകാത്തതിനാൽ ജോലിയിൽ നിന്ന് പിരിച്ചുവിട്ടതാണെന്നുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഉദ്യോഗദായകർ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന ഒഴിവുകൾക്ക്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പരിപാലിച്ചു പോരുന്ന സീനിയോറിറ്റി ലിസ്റ്റുകളിലെ മുൻഗണന പ്രകാരം ഒരു ഒഴിവിന് 12 ഉദ്യോഗാർഥികളെ നാമനിർദ്ദേശം ചെയ്യുന്ന പ്രക്രിയയാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ അനുവർത്തിച്ച് വരുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ലഭ്യമാക്കുന്ന ഉദ്യോഗാർഥികളുടെ പട്ടികയിൽ നിന്നും എഴുത്ത് പരീക്ഷ/ഇന്റർവ്യൂ മറ്റു നിയമന നടപടികൾ എന്നിവ മുഖേനെ ബന്ധപ്പെട്ട ഉദ്യോഗദായകരാണ് നിയമന നടപടികൾ സ്വീകരിക്കുന്നത്. പ്രസ്തുത നിയമനം നടത്തിയതും, പിരിച്ചു വിട്ടതുമായി നടപടിയിൽ തൊഴിൽ വകുപ്പ് ഇടപെടൽ നടത്തിയിട്ടില്ല.<br><br>ശ്രീ. സതീശൻ പി.വി. യുടെ നിയമനം റദ്ദ് ചെയ്തത് സംബന്ധിച്ച് യാതൊരുവിധ പരാതിയും ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ